മാറ്റി ആ ബസ്സുകൾ ഉപയോഗിച്ച് 12 വർഷത്തിനുമേൽ പഴക്കമുള്ള ബസ്സുകൾ മാറ്റുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. 1500 ബസ്സുകളിൽ 150 എണ്ണം സൂപ്പർ ഡീലക്സ് ബസുകളാണ്. ഇവ ഉപയോഗിച്ച് സൂപ്പർ ക്ലാസ് വിഭാഗത്തിൽ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതാണ്.

(ബി) കാസർഗോഡ് ഡിപ്പോയിലെ 94 വെഹിക്കിൾ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് 89 വാഹനങ്ങൾ മാത്രമാണ് നിലവിലുള്ളത്. സ്പെയർ ബസ്സുകൾ ഉൾപ്പെടെ 104 ബസ്സുകളാണ് ആവശ്യമുള്ളത്. നിലവിൽ 15 ബസ്സുകളുടെ കുറവുണ്ട്. പുതിയ ബസ്സുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് ആവശ്യമായ ബസ്സുകൾകൂടി അനുവദിക്കുന്നതാണ്. കാഞ്ഞങ്ങാട് ഡിപ്പോയിൽ 58 വെഹിക്കിൾ ഷെഡ്യൂളുകൾ ഓടിക്കുന്നതിന് സ്പെയർ ബസ് ഉൾപ്പെടെ 64 ബസ്സുകൾ മതിയാകും. നിലവിൽ 67 ബസ്സുകൾ ഉണ്ട്.

കാഞ്ഞങ്ങാട് - ബാംഗ്ലൂർ കെ.എസ്.ആർ.ടി.സി. ബസ് സർവീസ്

256 (7819) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട്നിന്നും ഒടംചാൽ, വെള്ളരിക്കുണ്ട്, ചെറുപുഴ, ഇരിട്ടി, മൈസൂർവഴി ബാംഗ്ലൂരിലേക്കും തിരിച്ചും സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നിർത്തലാക്കിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സർവ്വീസിലെ ജീവനക്കാർക്ക് അനുവദിച്ച സ്റ്റിയറിംഗ് ഡ്യൂട്ടി എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) സ്റ്റിയറിംഗ് ഡ്യൂട്ടി അനുവദിക്കുന്നത് എന്തെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണ് എന്ന് വിശദമാക്കാമോ ;

(ഡി) കാഞ്ഞങ്ങാട്-ബാംഗ്ലൂർ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത സർവ്വീസിലെ ജീവനക്കാർക്ക് 3 ഡ്യൂട്ടി + വീക്ക്ലി ഓഫ് + 100 രൂപ വീതം അഡീഷണൽ അലവൻസ് എന്ന രീതിയിലാണ് ഡ്യൂട്ടി പാറ്റേൺ അനുവദിച്ചിരുന്നത്.

(സി) മോട്ടോർ വർക്കേഴ്സ് ആക്ടിലെ നിബന്ധനകൾക്കും കാലാകാലങ്ങളിൽ അംഗീകൃത തൊഴിലാളി സംഘടനകളുമായി ഉണ്ടാക്കുന്ന ധാരണകളുടെ അടിസ്ഥാനത്തിലുമാണ് ഡ്യൂട്ടി പാറ്റേൺ ക്രമീകരിക്കുന്നത്.

(ഡി) ഈ സർവ്വീസ് പുനരാരംഭിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly